⇨ എഴുതുന്ന ഭാഷയും വിഷയവും ആക്രമിക്കപ്പെടാനുള്ള സാദ്ധ്യതയും വർദ്ധിപ്പിക്കുന്നുണ്ട് ⇨

# ഭീഷണി നേരുന്ന ഗ്രാമീണ റിപ്പോർട്ടർമാർ

നഗരപ്രദേശങ്ങളിൽ ജോലിചെയ്യുന്ന മാദ്ധ്യമ പ്രവർത്തകരെ അപേക്ഷിച്ച് പ്രാദേശിക റിപ്പോർട്ടർമാരാണ് കൂടുതലായും കൊലച്ചെയ്യപ്പെടുന്നത്. ഒരു റിപ്പോർട്ടറുടെ പ്രദേശം, ജോലിയിലെ ശ്രേണീനില, സാമൂഹ്യ പശ്ചാത്തലങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നുണ്ട്. എഴുതുന്ന ഭാഷയും വിഷയവും ആക്രമിക്കപ്പെടാനുള്ള സാദ്ധ്യതയും വർദ്ധിപ്പിക്കുന്നു.

■ **പി. സായ്നാഥ്**

**ഇന്ത്യയിൽ** മാദ്ധ്യമപ്രവർത്തനം ഏറെ അപകടം നിറഞ്ഞ ഒന്നാണെന്നാണ് കമ്മിറ്റി ടു പ്രൊട്ടക്ട് ജേർണലിസ്റ്റ് (സി.പി.ജെ) നമ്മോടു പറയുന്നത്. നഗരപ്രദേശങ്ങളിൽ ജോലിചെയ്യുന്ന മാദ്ധ്യമപ്രവർത്തകരെ അപേക്ഷിച്ച് പ്രാദേശിക റിപ്പോർട്ടർമാരാണ് കൂടുതലായും കൊലചെയ്യപ്പെടുന്നത്. ഒരു റിപ്പോർട്ടറുടെ പ്രദേശം, ജോലിയിലെ ശ്രേണീനില, സാമൂഹ്യ പശ്ചാത്തലങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നുണ്ട്. എഴുതുന്ന ഭാഷയും വിഷയവും ആക്രമിക്കപ്പെടാനുള്ള സാദ്ധ്യതയും വർദ്ധിപ്പിക്കുന്നുണ്ട്.

ഈ റിപ്പോർട്ട് ഊന്നൽ നൽകുന്നത് മൂന്നു കേസുകൾക്കാണ്. (സി.പി.ജെ, 1992 മുതൽ ഇന്ത്യയിൽ കൊല്ലപ്പെട്ടതായി കണക്കാക്കിയിരിക്കുന്നത് 27 മാദ്ധ്യമപ്രവർത്തകരെയാണ്). അതിൽ ഒരാൾ പോലും വൻനഗരങ്ങളിൽ നിന്നുള്ള ഇംഗ്ളീഷ് ഭാഷാ മാദ്ധ്യമപ്രവർത്തകരല്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. വലിയ കോർപ്പറേറ്റ് മാദ്ധ്യമസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരോ ഉന്നതങ്ങളിലിരിക്കുന്നവരെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള വാർത്തകൾ നൽകിയിട്ടുള്ളവരോ അക്കൂട്ടത്തിലില്ല. ഗ്രാമീണ-പ്രാദേശിക റിപ്പോർട്ടർ മാത്രം ഉൾപ്പെടുന്ന പട്ടികയാണ് സി.പി.ജെ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇന്ത്യയിലെ പ്രാദേശിക ഭാഷാ പ്രസിദ്ധീകരണങ്ങൾക്കു വേണ്ടി തൊഴിൽ ചെയ്തിട്ടുള്ള വളരെയധികം പ്രശസ്തരായ മാദ്ധ്യമപ്രവർത്തകരാണവർ. താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ ചേരികളിലെ സാമൂഹിക ഉച്ചനീചത്വങ്ങളെ കുറിച്ച് വാർത്തകൾ ചെയ്തവരോ ആയിരുന്നു അവർ. കൂടുതൽ പേരും അച്ചടി മാദ്ധ്യമങ്ങളിൽ ജോലി ചെയ്യുന്നവരായതുകൊണ്ടു തന്നെ അവഗണിക്കപ്പെട്ടവരായിരുന്നു. ഉദാഹരണത്തിന്, ജമ്മുകാശ്മീരിൽ ദൂരദർശൻ ടിവിക്കു വേണ്ടി ജോലി ചെയ്യുന്നതിനിടയിൽ രണ്ടു വ്യത്യസ്ത അപകടങ്ങളിലായി (1997) സൈദൻ ഷാഫി, അൽതാഫ് അഹ്മദ് ഫക്തൂ എന്നിവർ വെടിയേറ്റുമരിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊല്ലപ്പെട്ട അക്ഷയ് സിംഗ്, ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന 'ആജ് തക്' ചാനലിന്റെ അന്വേഷണ സംഘത്തിലെ ഒരംഗമായിരുന്നു.

പ്രാദേശിക ലേഖകന്മാർക്ക് ഒരേസമയം വ്യത്യസ്ത മേഖലകളിലുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതായി വരുന്നുണ്ട്. അഴിമതി, കുറ്റകൃത്യങ്ങൾ, രാഷ്ട്രീയം എന്നീ മേഖലകളിലാണ് സി.പി.ജെ റിപ്പോർട്ട്

⇨ ഗ്രാമീണ ഇന്ത്യ ഒരിക്കലും അദൃശ്യമായിട്ടില്ല എന്നതാണ് സത്യം. ⇨




പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്. ഇവ മൂന്നും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയുമാണ്. ഗ്രാമീണ ഇന്ത്യയെക്കുറിച്ചുള്ള വാർത്തകളോട് മുഖ്യധാരാ മാദ്ധ്യമങ്ങൾ കാണിക്കുന്ന വിമുഖതയെ കുറിച്ചും പഠനത്തിൽ പരാമർശമുണ്ട്. 1980 മുതലാണ് ഞാൻ ജേർണലിസ്റ്റായി ജോലി തുടങ്ങുന്നത്. അന്നെല്ലാം എല്ലാ പ്രമുഖ മാദ്ധ്യമങ്ങൾക്കും കാർഷിക സംബന്ധ വാർത്താ ശേഖരണത്തിനായി ഒരു സ്ഥിരം ലേഖകനും താത്കാലിക റിപ്പോർട്ടർമാരും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയൊരു വാർത്താ റിപ്പോർട്ടറേയില്ല. മിക്കയിടങ്ങളിലും കൃഷി ലേഖകന്മാർ കൃഷി, വ്യവസായം, കാർഷിക മന്ത്രാലയം എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളാണ് പ്രസിദ്ധീകരിക്കുന്നത്. കൃഷിയിടങ്ങളെയും കർഷകരെയും സംബന്ധിച്ചുള്ള വാർത്തകൾ കുറവാണ്. വൻകിട മാദ്ധ്യമങ്ങൾ ഈ കുറവ് പരിഹരിക്കുന്നതിനായി 'അദൃശ്യമാകുന്ന ഇന്ത്യ' എന്ന പേരിൽ ഇടക്കിടയ്ക്ക് എന്തെങ്കിലും വാർത്തകൾ നൽകും. എന്നാൽ, ഗ്രാമീണ ഇന്ത്യ ഒരിക്കലും അദൃശ്യമായിട്ടില്ല എന്നതാണ് സത്യം.

ഇന്ത്യയുടെ ഗ്രാമങ്ങളിൽ വൈദഗ്ദ്ധ്യമുള്ള നിരവധി ലേഖകന്മാരുണ്ട്. നഗരങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ വരുന്ന ജേണലിസ്റ്റുകളുടെ ചുമടു താങ്ങേണ്ടവരായാണ് ഇത്തരക്കാർ പരിഗണിക്കപ്പെടാറുള്ളത്. എന്നിരുന്നാൽ കൂടിയും ശ്രദ്ധേയമായ നിരവധി വാർത്തകളാണ് ഗ്രാമീണ ഇന്ത്യയിൽ നിന്നും ലഭിക്കുന്നത്. അതുകൊണ്ടാണ് 2014 ന്റെ അവസാനങ്ങളിൽ, ഗ്രാമീണ ഇന്ത്യയിൽ ദശാബ്ദങ്ങളായി തുടരുന്ന റിപ്പോർട്ടിംഗിനു ശേഷം സ്വതന്ത്രവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതുമായ People's Archive of Rural India (PARI) യുടെ ആരംഭപ്രവർത്തനങ്ങളിൽ ഞാൻ പങ്കാളിയാകുന്നത്. ലോകത്ത് 833 മില്യൺ വരുന്ന ജനങ്ങൾ 780 പ്രാദേശിക ഭാഷകളിൽ വിനിമയം നടത്തികൊണ്ടിരിക്കുന്നുണ്ട്. വ്യത്യസ്ത പ്രാദേശിക ഭാഷകളിൽ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിനാണ് 'പാരി' ഊന്നൽ നൽകുന്നത്.

മുഖ്യധാരാ മാദ്ധ്യമങ്ങൾ ഗ്രാമീണ ഇന്ത്യയെ എത്രമാത്രം അവഗണിക്കുന്നു എന്നതു സംബന്ധിച്ച വിവരങ്ങൾ ഡൽഹിയിലെ സെന്റർ ഫോർ മീഡിയ സ്റ്റഡീസ് പുറത്തുവിട്ടിട്ടുണ്ട്. പ്രാധാനപ്പെട്ട ആറ് പത്രങ്ങളുടെ ഗ്രാമീണ റിപ്പോർട്ടുകളെ സംബന്ധിച്ച് 2014 നും 2015 നുമിടയിൽ (മൂന്ന് എണ്ണം ഹിന്ദി ഭാഷയിലും മൂന്ന് എണ്ണം ഇംഗ്ലീഷ് ഭാഷയിലും) നടത്തിയ നിരീക്ഷണ പ്രകാരം ഏകദേശം 0.23 ശതമാനം വാർത്തകൾ മാത്രമേ പ്രസിദ്ധീകരിക്കപ്പെടുന്നുള്ളൂ. അതിൽ ആദ്യ പേജിൽ വെറും 0.25 ശതമാനം വാർത്തകൾ മാത്രമാണ് ഉൾച്ചേർന്നിരിക്കുന്നത്.

ദേശീയ മാദ്ധ്യമങ്ങളിലെ, പ്രത്യേകിച്ച് ഇംഗ്ലീഷ് മാദ്ധ്യമങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തൊഴിപരമായ സുരക്ഷകൾ ഏറെ ലഭിക്കുന്നുണ്ട്. പ്രത്യേകിച്ച്, സർക്കാരിൽ സ്വാധീനമുള്ള ശക്തരായ മാദ്ധ്യമ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഇൻഷ

റൻസ് പരിരക്ഷകൾ ലഭ്യമാണ്. ഇതേ മാദ്ധ്യമ സ്ഥാപനങ്ങളിലെ പ്രാദേശിക ലേഖകർക്ക് ഇതൊന്നും ലഭ്യമാകാറില്ല. എന്നാൽ അവർക്ക് നന്നായി പണിയെടുക്കേണ്ടതായും വരുന്നുണ്ട്. എന്തെങ്കിലും പ്രശ്നങ്ങൾ നേരിടേണ്ടിവരുമ്പോഴെല്ലാം ഈ പ്രാദേശിക മാദ്ധ്യമ പ്രവർത്തകർ സ്ഥാപനത്തിന്റെ പിന്തുണ ലഭിക്കാതെ തീർത്തും ഒറ്റപ്പെട്ടു പോകാറുണ്ട്.

ഇന്ത്യയുടെ ഗ്രാമീണ മുഖങ്ങളോടുള്ള മുഖ്യധാരാ മാദ്ധ്യമങ്ങളുടെ വിമുഖത ഇല്ലാതാക്കാൻ വളരെ പ്രയാസമാണ്. എവിടെയെങ്കിലും എന്തെങ്കിലും പ്രകൃതി ദുരന്തങ്ങൾ സംഭവിച്ചാൽ മാത്രമാണ് അവർ വാർത്തകൾ നൽകുക. അപ്പോൾ മാത്രമാണ് ഗ്രാമീണ റിപ്പോർട്ടർമാരെ നിയമിക്കുന്നത് തന്നെ. അത്തരം സന്ദർഭങ്ങളിൽ പോലും വായനക്കാരെ വർദ്ധിപ്പിക്കുന്നതിനുള്ള ചേരുവകൾ ചേർത്തുകൊണ്ടാണ് വാർത്തകൾ നൽകുന്നത്. ഗ്രാമീണ റിപ്പോർട്ടർമാർ ആക്രമിക്കപ്പെടാനുള്ള സാദ്ധ്യത ഇത്തരം സന്ദർഭങ്ങളിൽ ഏറെയാണ്. പലപ്പോഴും സ്വതന്ത്ര ചിന്തകരായ ജേണലിസ്റ്റുകൾ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതാണ് പതിവ്. ഈയടുത്ത് ചത്തീസ്ഗഡിൽ ചില മാദ്ധ്യമപ്രവർത്തകർക്ക് റിപ്പോർട്ടിംഗ് മേഖലയിൽ നിന്ന് പിന്മാറേണ്ടതായോ ചില പ്രത്യേക വാർത്തകൾ നൽകുന്നത് നിർത്തിവെക്കേണ്ടതായോ വന്നു. വളരെയധികം അപകടം നിറഞ്ഞ അവസ്ഥയാണിത്. 2016 മാർച്ചിൽ എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യയുടെ അന്വേഷണ സംഘം നടത്തിയ പഠനം പ്രസ്തുത പ്രദേശത്തെ മാദ്ധ്യമപ്രവർത്തകരുടെ ദുരിതാവസ്ഥകൾ തുറന്നുകാണിക്കുന്നുണ്ട്. വധഭീഷണി, അറസ്റ്റ്, ആക്രമണങ്ങൾ തുടങ്ങിയവക്ക് ഇരയാകേണ്ടി വരുന്നവരെ കുറിച്ചായിരുന്നു പഠനം. ഇവരിൽ ഭൂരിഭാഗവും മനുഷ്യാവകാശ ലംഘനങ്ങളെ കുറിച്ച് റിപ്പോർട്ട് ചെയ്തവരായിരുന്നു. ഗ്രാമീണ റിപ്പോർട്ടർമാർക്ക് ലഭിക്കാതെ പോകുന്ന മാദ്ധ്യമ പിന്തുണകളെ കുറിച്ചും പഠനത്തിൽ പരാമർശങ്ങളുണ്ട്.

തങ്ങൾ ജോലി ചെയ്യുന്ന മാദ്ധ്യമസ്ഥാപനത്തിൽ നിന്നു തന്നെ ആവശ്യമായ നിയമ പിന്തുണ ലഭിക്കുന്നില്ല എന്ന് സി.പി.ജെ നടത്തിയ അഭിമുഖത്തിൽ ചിലർ പറയുന്നുണ്ട്. അവരെന്താ യഥാർത്ഥ മാദ്ധ്യപ്രവർത്തകരല്ലേ? അവരിൽ കൂടുതലാളുകളും അഴിമതി നടത്തുന്നവരാണോ?

വിവിധ രാജ്യങ്ങളിൽ, മാദ്ധ്യമ പ്രവർത്തകർ കൊല്ലപ്പെടുന്നതിനെ കുറിച്ചും അവരുടെ കൊലയാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതിനെ കുറിച്ചും സി.പി.ജെ നടത്തിയ പഠന പട്ടികയിൽ ഇന്ത്യയും ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിൽ, അവ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ തയ്യാറാവുകയാണ് വേണ്ടത്. മാദ്ധ്യമമേഖലയിൽ എന്തു സംഭവിക്കുന്നു എന്നു പൊതുജനങ്ങളറിയണം. കൊല്ലപ്പെട്ട മാദ്ധ്യപ്രവർത്തകരുടെ കേസുകൾ പിന്തുടർന്ന് നടത്താനുള്ള ശേഷി നമുക്കുണ്ടാവണം. കൊലയാളികൾ ശിക്ഷിക്കപ്പെടുന്ന തരത്തിൽ കോടതിയുടെ മേൽ സമ്മർദ്ദം ചെലുത്താൻ പൊതുജനങ്ങളുടെ സഹായം വേണം. നീതി ലഭിക്കും വരെ ഇത്തരം ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കണം. ഇതിനായി സർക്കാരുകളെയും പോലീസ് ഉദ്യോഗസ്ഥരെയും നിർബന്ധിക്കണം. തങ്ങളുടെ മാദ്ധ്യമ പ്രവർത്തകരുടെ സുരക്ഷയുടെ കാര്യത്തിൽ മുൻകരുതലുകളെടുക്കാൻ ഓരോ മാദ്ധ്യമസ്ഥാപനത്തോടും നാം ആവശ്യപ്പെടണം. ഇത്തരം ശ്രമങ്ങളിൽ എവിടെയെങ്കിലും നാം പരാജയപ്പെട്ടാൽ അപകടത്തിലാകുന്നത് മാദ്ധ്യമപ്രവർത്തകർ മാത്രമല്ല, മാദ്ധ്യമപ്രവർത്തനം തന്നെയാണ്. ■

**കമ്മിറ്റി ടു പ്രൊട്ടക്ട് ജേർണലിസ്റ്റ് കണ്ടെത്തിയ കണക്കുകൾ**

1992 നും 2016 നും ഇടയിൽ ഇന്ത്യയിൽ തൊഴിൽ സംബന്ധമായി കൊല്ലപ്പെട്ട മാദ്ധ്യമ പ്രവർത്തകരുടെ എണ്ണം **27**

കുറ്റവാളികളെ കണ്ടെത്തിയത് **0**

കൊലചെയ്യപ്പെട്ടതിൽ **89** ശതമാനം അച്ചടി മാദ്ധ്യമത്തിൽ നിന്നുള്ളവർ.

**56** ശതമാനം പേർ അഴിമതി വാർത്തകൾ പുറത്തുകൊണ്ടുവന്നതിനാൽ കൊലചെയ്യപ്പെട്ടു.

വികസനം

കേരളീയം പ്രത്യേക ലക്കം

2018 ഏപ്രിലിൽ പുറത്തിറങ്ങുന്നു

**കേരളം ആഘോഷിച്ച വികസന പദ്ധതികളുടെ വിലയിരുത്തലുകൾ...**

**വികസനം പുറന്തള്ളിയവരുടെ വർത്തമാനങ്ങൾ...**

**വികസനചിന്തകളുടെ ആധിപത്യങ്ങൾ...**